ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
0471 2561307

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം – ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - സർക്കാർ വകുപ്പുകൾ/ പൊതു മേഖല /ഗ്രാന്റ് ഇൻ എയിഡഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള നികുതിയിതര വരുമാനം -ടെസ്റ്റിങ് ചാർജ് നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത് റദ്ദ് ചെയ്ത – ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**അക്കാദമിക് (എ) വിഭാഗം**

**നം. DTETVM/5319/2026-C2 (ACA)** **തിരുവനന്തപുരം, തീയതി:01-09-2026**

---

വായന:-
1. 28/07/26ലെ ഈ കാര്യാലയത്തിലെ ഇതേ ഉത്തരവ് നമ്പർ. DTETVM/5319/2026-C2
2. 10.08.2026 തീയതി കണ്ണൂർഗവ. കോളേജ് ഓഫ് എഞ്ചിനീയറിങ് നിന്നും വന്ന കത്ത്
2. സ.ഉ.(അച്ചടി) നമ്പർ 28/2019/ധന തീയതി 08.03.2019
3. ജി ഒ (പി) നം.409/2014/ഉ.വി.വ തീയതി 23.09.2014
4. ജി ഒ (പി) നം.311/2019/ഉ.വി.വ തീയതി 06.09.2019
5. 17.07.2024 ലെ സ ഉ(അച്ചടി) നം.55/2024 ഫിൻ
6. 27.08.2024 തീയതിയിലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ. C2/29613/21/DTE
7. 26.08.2025 തീയതിയിലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ DTETVM/5438/2025/C2

**<u>ഉത്തരവ്</u>**

മേൽ വായന (1) പ്രകാരം സേവന നിരക്കുകളിലും, ടെസ്റ്റിങ് ചാർജുകളിലും വർദ്ധനവ് വരുത്തി ഈ കാര്യാലയത്തിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (2) പ്രകാരം കണ്ണൂർഗവ. കോളേജ് ഓഫ് എഞ്ചിനീയറിങ് പ്രിൻസിപ്പാൾ സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ ടെസ്റ്റിങ് ചാർജ് ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് സ്വകാര്യ സ്ഥാപനങ്ങളിലുള്ള നിരക്കിനെക്കാൾ കൂടുതലാണെന്നും, ടി വർദ്ധനവ് സർക്കാർ സ്ഥാപനങ്ങളെ സമീപിക്കുന്നവരുടെ എണ്ണം കുറക്കാൻ സാധ്യതയുണ്ടെന്നും പരാമർശിക്കുന്നു.

ഈ സാഹചര്യത്തിൽ വായന (1) പ്രകാരം Testing Charge ഇനത്തിൽ വരുത്തിയിട്ടുള്ള വർദ്ധനവ് താൽകാലികമായി മരവിപ്പിച്ചും, സൂചന (7) ഉത്തരവ് പ്രകാരമുള്ള Testing Charge നിരക്കുകൾ പുന:സ്ഥാപിച്ചും ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് പ്രകാരം, ഇതിനോടകം ഈടാക്കിയിട്ടുള്ള ടെസ്റ്റിംഗ് നിരക്കുകൾ പുന:പരിശോധിക്കേണ്ടതില്ല.

മേൽ ഭേദഗതികളോടെ വായന (1) ഉത്തരവ് നിലനിൽക്കുന്നതാണ്

Digitally signed by
Jayaprakash P
Date: 01-09-2026
15:10:58

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി